മാതൃഭൂമി
25 July 2018

# വൃത്തിയുള്ള ജലാശയങ്ങൾക്കായി 'നീലഹരിത സേന'

**കൊച്ചി ▸** കായലോര ഗ്രാമങ്ങളിലെ ജലാശയങ്ങൾ മാലിന്യമുക്തമാക്കാൻ നടത്തുന്ന 'നിർമലധാര' പദ്ധതിയുടെ ഭാഗമാകാനൊരുങ്ങി വിദ്യാർഥികളുടെ 'നീലഹരിത സേന'. മാലിന്യങ്ങൾ നീക്കി ജലാശയങ്ങളുടെ ഒഴുക്കും ആവാസ വ്യവസ്ഥയും പൂർവ സ്ഥിതിയിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) മുളവുകാട് പഞ്ചായത്തിൽ തുടക്കമിട്ട പദ്ധതിയാണ് 'നിർമലധാര'.

രണ്ടാം ഘട്ടത്തിൽ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് എറണാകുളം സെയ്ന്റ് ആൽബർട്ട്സ് കോളേജ് വിദ്യാർഥികളടങ്ങുന്ന നീലഹരിത സേനയ്ക്ക് സി.എം.എഫ്.ആർ.ഐ. രൂപം നൽകിയത്. സി.എം.എഫ്.ആർ.ഐ.യിൽ നടന്ന ബോധവത്കരണ ശില്പശാലയിലായിരുന്നു 50 പേരടങ്ങുന്ന സേനയുടെ രൂപവത്കരണം.

ഗ്രാമതലങ്ങളിൽ മാലിന്യ നിർമാർജന ബോധവത്കരണം നടത്തുന്നതിന് സി.എം.എഫ്.ആർ.ഐ. ഗവേഷക സംഘത്തോടൊപ്പം ഇനിമുതൽ നീലഹരിത സേനയും രംഗത്തിറങ്ങും.



കൊച്ചി സി.എം.എഫ്.ആർ.ഐ.യിൽ നടത്തിയ മാലിന്യ നിർമാർജന ബോധവത്കരണ ശില്പശാല മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വിജി ഷാജൻ ഉദ്ഘാടനം ചെയ്യുന്നു

ഒരുകാലത്ത് സമൃദ്ധമായി ചെമ്മീൻകൃഷി നടന്നിരുന്ന മുളവുകാട് പഞ്ചായത്തിലെ ജലാശയങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തിയതായി കണ്ടെത്തിയതോടെയാണ് സംഘം പഞ്ചായത്തിൽ നിർമലധാര ആരംഭിച്ചതെന്ന് പരിസ്ഥിതി ഗവേഷണ വിഭാഗം മേധാവി ഡോ വി. കൃപ പറഞ്ഞു.

ശില്പശാല മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വിജി ഷാജൻ ഉദ്ഘാടനം ചെയ്തു.

മാലിന്യ നിർമാർജന ബോധവത്കരണ ലഘുലേഖ ഡോ. എ. ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു. 'നിർമലധാര' പദ്ധതി മറ്റ് പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

സെയ്ന്റ് ആൽബർട്ട്സ് കോളേജ് എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. കെ. മധുസൂദനൻ, കെ.ആർ. രമേശ് തുടങ്ങിയവർ പങ്കെടുത്തു.